LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്. ആറുവരിപ്പാത നിർമ്മാണസമയത്ത് പുതുക്കാട് അണ്ടർപ്പാസ്സുകൂടി നടപ്പിലാക്കുന്നതാണ്. ആറുവരിപ്പാതയുടെ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ ആക്ട് പ്രകാരമുള്ള 3 ക്ലോസ്(എ) നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയിട്ടുണ്ട്. പുതുക്കാട് അണ്ടർപ്പാസ്സ് നിർമ്മിക്കുമ്പോഴാണ് സർവ്വീസ് റോഡും ഓടയും നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളത്. എന്നാൽ, നിലവിലെ സാഹചര്യം പരിഗണിച്ച് സർവ്വീസ് റോഡിന്റെ നിർമ്മാണം എത്രയുംവേഗം പൂർത്തിയാക്കുവാൻ കൺസഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രാധാന്യമുള്ള ഒരുപാട് സ്ഥലങ്ങളുമുള്ള പ്രദേശമെന്ന പരിഗണന നൽകിക്കൊണ്ട് ആ നിലയിൽത്തന്നെ വകുപ്പ് ഇടപെടുമെന്ന് അറിയിക്കുകയാണ്.

(6) പുത്തൂർ-ചെനക്കൽ ബൈപ്പാസ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കോഴിക്കോട്-തൃശ്ശൂർ നാഷണൽ ഹൈവേയുമായും ഏറ്റവും തിരക്കേറിയ കോട്ടയ്ക്കൽ അങ്ങാടിയുമായി ബന്ധപ്പെടാതെ മലപ്പുറത്തുനിന്നും എത്താൻ കഴിയുന്ന ഒരു ബൈപ്പാസ്സാണ് കോട്ടയ്ക്കൽ-പുത്തൂർ-ചെനക്കൽ ബൈപ്പാസ്. ഇതിന്റെ ആദ്യത്തെ രണ്ടുഘട്ടവും പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ബാക്കിഭാഗത്ത് സ്ഥലമേറ്റെടുക്കാൻ ആവശ്യമായ നടപടികൾ തുടർന്നുവരികയാണ്. സോഷ്യൽ ഇൻവെസ്റ്റിഗേഷൻ സ്റ്റഡി പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലം വിട്ടുകൊടുത്ത് പദ്ധതി നടപ്പിലാക്കണമെന്ന അവസ്ഥയിലേയ്ക്ക് ജനങ്ങൾ എത്തിയിട്ടുണ്ട്. അവർക്ക് വീടുവയ്ക്കാൻ കഴിയുന്നില്ല, അതുമായി ബന്ധപ്പെട്ട് മറ്റൊരു ക്രയവിക്രയവും നടത്താനും കഴിയുന്നില്ല. അതുകൊണ്ട് സ്ഥലം ഏറ്റെടുക്കൽ ഏറ്റവുംവേഗത്തിൽ പൂർത്തീകരിക്കേണ്ടതുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുവേണ്ടി എൽ.എ.-യ്ക്ക് കണ്ടിജൻസി ചാർജ്ജായി 49 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പ് നേരത്തെ അനുവദിച്ചിട്ടുണ്ട്. അതിന്റെ ബാക്കി പ്രവർത്തനം നടത്തുന്നതിലേയ്ക്ക് എൽ.എ.-യ്ക്ക് ആവശ്യമായ തുക പൊതുമരാമത്ത് വകുപ്പിൽനിന്നും നൽകിയാൽ മാത്രമേ സ്ഥലം പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് പ്രവർത്തനം തുടങ്ങാൻ കഴിയുകയുള്ളൂ. അതിനായി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് പൊതുമരാമത്ത് വകുപ്പ് താൽപ്പര്യമെടുത്ത് സുപ്രധാനമായ കോട്ടയ്ക്കൽ-പുത്തൂർ-ചെനക്കൽ ബൈപ്പാസ്സിന്റെ പ്രവർത്തനം തുടങ്ങാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. റവന്യൂ വകുപ്പിലെയും പൊതുമരാമത്ത് വകുപ്പിലെയും ഉദ്യോഗസ്ഥരെയുൾപ്പെടുത്തി നിയമസഭ സമ്മേളിക്കുന്ന സമയത്തുതന്നെ ഒരു യോഗം വിളിച്ചുകൂട്ടി അതിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഉന്നയിച്ച വിഷയം കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കോട്ടയ്ക്കൽ-പുത്തൂർ-ചെനക്കൽ ബൈപ്പാസ് മൂന്നാംഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ടതാണ്. മൂന്നാംഘട്ട സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് കണ്ടിജൻസി ചാർജ്ജായി ആവശ്യപ്പെട്ട 50 ലക്ഷം രൂപ തിരൂർ എൽ.എ. തഹസീൽദാർക്ക് നിലവിൽ കൈമാറിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കലിന് ആദ്യഘട്ടമായി 50,000 രൂപ കൈമാറിയിരുന്നു. പിന്നീട് 10 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയപ്പോൾ ആ തുകയും കൈമാറി. എൽ.എ. നടപടികൾ തുടങ്ങുംമുൻപേ നഷ്ടപരിഹാരത്തുകയുടെ 5 ശതമാനം അല്ലെങ്കിൽ 50 ലക്ഷം രൂപ, ഏതാണോ കുറവ് ആ തുക എൽ.എ. തഹസിൽദാർക്ക് കൈമാറുവാൻ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുത്തതിന്റെയടിസ്ഥാനത്തിൽ കുറഞ്ഞ തുകയായ 50 ലക്ഷം രൂപയാണ് കൈമാറേണ്ടിയിരുന്നത്. നേരത്തെ നൽകിയതിന്റെ ബാക്കി തുകയായ മുപ്പത്തി ഒൻപത് ലക്ഷത്തി അൻപതിനായിരം രൂപ ജൂൺ മാസത്തിൽ കൈമാറിയിട്ടുണ്ട്. നഷ്ടപരിഹാരത്തുകയുടെ വിശദമായ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് ലഭിച്ചാൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് ദേശീയപാതകളിൽ പ്രധാന ഗതാഗതക്കുരുക്കുള്ള സ്ഥലം തൃശ്ശൂർ മുതൽ കാസർഗോഡ് വരെയാണ്. അതിൽ തൃശ്ശൂർ, എടപ്പാൾ, വളാഞ്ചേരി, കോട്ടയ്ക്കൽ, രാമനാട്ടുകര, കൊയിലാണ്ടി, വടകര, തലശ്ശേരി, മാഹി ബൈപാസ്സ് ഉൾപ്പെടെ കണ്ണൂർ പോലെയുള്ള സ്ഥലങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതാണ്. കോട്ടയ്ക്കൽ ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുകയെന്നുള്ളത് സർക്കാരിനെ സംബന്ധിച്ചിടത്തോളം പ്രധാന വിഷയമായി കാണുന്നുണ്ട്. ആ നിലയിൽത്തന്നെ ബൈപ്പാസിന്റെ നിർമ്മാണ പ്രവൃത്തി വേഗത്തിലാക്കുന്നതിനുള്ള ശ്രമമുണ്ടാകുമെന്ന് അറിയിക്കുകയാണ്.

(7) ചാലക്കുടി ജംഗ്ഷനിലെ അടിപ്പാത നിർമ്മാണം

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, മണ്ണുത്തി-ഇടപ്പള്ളി ദേശീയപാതയിലെ പ്രധാനപ്പെട്ട ചാലക്കുടി നഗരസഭാ ജംഗ്ഷന് സമീപത്തെ അടിപ്പാതയുടെ നിർമ്മാണം ഇഴഞ്ഞുനീങ്ങുകയാണ്. അനുമതി ലഭ്യമായി 10 വർഷവും നിർമ്മാണം തുടങ്ങിയിട്ട് മൂന്ന് വർഷവുമായി. നിർമ്മാണപ്രവർത്തനം ഇഴഞ്ഞുനീങ്ങുന്നതുമൂലം മുനിസിപ്പൽ ഓഫീസും റെയിൽവേ സ്റ്റേഷനും നിരവധി സർക്കാർ ഓഫീസുകളുമൊക്കെയുള്ള ഈ പ്രദേശത്തെ സംബന്ധിച്ചിടത്തോളം വലിയ കുരുക്കായി മാറിയിരിക്കുകയാണ്. ഒരുവശം പൂർണ്ണമായി കൊട്ടിയടച്ചാണ് നിർമ്മാണം തുടങ്ങിയത്. ഇരുന്നൂറ് മീറ്റർ ദൂരം ഒറ്റവരിയായിട്ടുവേണം വാഹനങ്ങൾക്ക് കടന്നുപോകേണ്ടത്. റോഡിന്റെ ശോചനീയാവസ്ഥയും